DESPATCHED
On..08/06/2020

28/02/2020

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2669(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.20610/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി മോളി ജോൺ,
കാവാലം പുതുപ്പറമ്പിൽ,
കവല, ചങ്ങനാശ്ശേരി – 686 101.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എൽ.എസ്.ജി.ഡി. വിജിലൻസ് വിംഗ്,
   5–ാം നില, സ്വരാജ് ഭവൻ,
   നന്തൻകോട്, തിരുവനന്തപുരം.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   തദ്ദേശ സ്വയംഭരണ(ആർ.എ.) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

3. അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി,
   തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/09/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/11/2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 16/12/2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി മോളി ജോൺ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എൽ.എസ്.ജി.ഡി. സി.റ്റി.പി. വിജിലൻസ് 2.5.2019 തീയതി സ്ഥലപരിശോധന നടത്തി 17.9.2019–ൽ സി.റ്റി.പി. വിജിലൻസ് 501/19 ആയി റിപ്പോർട്ട് എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നു എന്നും മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് നൽകിയില്ല എന്നും ഇക്കാര്യത്തിലുള്ള ടിയാളുടെ അപ്പീൽ അപേക്ഷയും അനുഭാവപൂർവ്വം പരിഗണിച്ചില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, എൽ.എസ്.ജി.ഡി. സി.റ്റി.പി. വിജിലൻസ് 501/19 ആയി 7.9.2019 തീയതി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ടിയാൾക്ക് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട റിപ്പോർട്ട് വിജിലൻസ് വിംഗിൽ നിന്നും സി.പി.റ്റി.വിജി./501/19 നമ്പറായി 7.9.2019 തീയതി അംഗീകാരത്തിനും തുടർനടപടികൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട പകർപ്പ് ലഭ്യമാക്കുന്നതിലേക്കായി ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് തദ്ദേശ സ്വയംഭരണ (ആർ.എ.) സെക്ഷനിലേക്ക് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്. തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ് ഹർജിക്കാരിക്ക് 11.10.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമത്തിലെ 8(എച്ച്) വകുപ്പുപ്രകാരം നൽകാൻ കഴിയുന്നതല്ല എന്നും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സർക്കാരിൽ സമർപ്പിക്കുന്ന റിപ്പോർട്ടിൽ സർക്കാരിൽ നിന്നുള്ള നടപടി പൂർത്തിയായതിനുശേഷമേ ആയതു നൽകുന്നതിന് കഴിയുകയുള്ളു എന്നും മറ്റുമാണ്. ഹർജിക്കാരി മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ നൽകിയിട്ടില്ല എന്നും ആയത് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ കൂടുതലായി യാതൊരു വിവരവും നൽകാനില്ല എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി അപേക്ഷ നൽകിയിരുന്നത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ ആയിരുന്നു എന്നും ആയതുപ്രകാരം ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ അറിയിച്ചത് പരാമർശിത റിപ്പോർട്ട് എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നും അപ്രകാരം തന്നെ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം ഹർജിക്കാരിയുടെ അപേക്ഷ അയച്ചു നൽകിയിരുന്നു എന്നും തുടർന്ന് ഹർജിക്കാരിക്ക് മറുപടി നൽകുന്നതിനായി ബന്ധപ്പെട്ട റിപ്പോർട്ട് എതിർകക്ഷി ഓഫീസിൽ തെരഞ്ഞുവെങ്കിലും മേൽപ്പടി റിപ്പോർട്ട് ലഭിച്ചതായി കണ്ടില്ല എന്നും തദ്ദേശ സ്വയംഭരണ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി നൽകുന്ന റിപ്പോർട്ടുകളിന്മേൽ സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതുവരെ അന്വേഷണ പ്രക്രിയ തുടരുന്നതിനാൽ വിവരാവകാശ നിയമത്തിലെ 8(എച്ച്) വകുപ്പുപ്രകാരം നൽകേണ്ടതില്ല എന്നു നിയമ വകുപ്പ് ഉപദേശം നൽകിയിരുന്നു എന്നും ആയതിനാലാണ് ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ മേൽപ്പടി റിപ്പോർട്ട്

RIGHT TO INFORMATION

സർക്കാർ നടപടി പൂർത്തിയാക്കിയതിനു ശേഷം മാത്രമേ നൽകാൻ കഴിയുകയുള്ളു എന്നറിയിച്ചത് എന്നും അപ്രകാരം മറുപടി നൽകി ഒരു മാസം കഴിഞ്ഞ ശേഷം 28.12.2019 ലാണ് മേൽപ്പടി റിപ്പോർട്ട് രണ്ടാം എതിർകക്ഷി ഓഫീസിൽ ലഭിച്ചത് എന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരിയുടെ പ്രതിനിധി ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട റിപ്പോർട്ട് ഈവസരത്തിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ മറ്റു നടപടികൾ ആവശ്യമില്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷികൾ ഹർജിക്കാരിക്ക് സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നതിനാലും ഈവസരത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിച്ചതിനാൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു അറിയിച്ചിട്ടുള്ളതിനാലും ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

RIGHT TO INFORMATION